ലൈസൻസ് ഫീസിനങ്ങൾ വർദ്ധിപ്പിക്കാനും വിവിധ ആവശ്യങ്ങൾക്കായി ഒരേ ഫീസ് നിരക്ക് നിശ്ചയിക്കാതെ വിവിധ ആവശ്യങ്ങൾക്കായി സർക്കാർ കുറഞ്ഞ നിരക്ക് നിർദ്ദേശിക്കുകയും ആയത് നടപ്പിലാക്കുകയുംചെയ്ത ടി വരുമാനം വർദ്ധിപ്പിക്കാമെന്നും കേരള ഗ്രാമ വികസന ബോർഡ്, കേരളാ അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ മാതൃകയിൽ പണം കടം കൊടുക്കുന്ന ധനകാര്യ സ്ഥാപനങ്ങമാക്കി മാറ്റാനും നിർദ്ദേശിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച രണ്ടാം ധനകാര്യ കമ്മിഷൻ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കും.

പട്ടണങ്ങളുടെ സമഗ്രവികസനം

6 (*476)ശ്രീ. പി. രാഘവൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള എന്തെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി പട്ടണങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ വികസനത്തിന് സാമ്പത്തിക സഹായം ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വികസനപദ്ധതി സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിൽ ഇതിനകം നടപ്പാക്കിയെന്നു വ്യക്തമാക്കുമോ;

(ജി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് വിപുലീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പട്ടണങ്ങളിൽകൂടി പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ)&(ബി) ഉണ്ട്. ചെറുതും ഇടത്തരവുമായ പാവങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ 1979-80-ൽ ആവിഷ്കരിച്ച ഐ.ഡി.സി. എം.ടി എന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. ആദ്യകാലത്ത് ഈ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗീകൃത പരിപാടികൾ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ പരാമാവധി 40 ലക്ഷം രൂപ വായ്പയായും അതിനു തുല്യമായ തുക സംസ്ഥാന സർക്കാർ ഗ്രാന്റായും അനുവദിച്ചു വന്നിരുന്നു. 1985-86 മുതൽക്ക് ഈ പദ്ധതിയിൻകീഴിലുള്ള സംസ്ഥാന വിഹിതം വായ്പയായി മാറ്റുകയുണ്ടായി. 1995-96-ൽ കേന്ദ്രസർക്കാർ ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് ഈ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന പട്ടണങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചു ഇനങ്ങളിലായി തരംതിരിച്ച് വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗ്രാന്റ് അനുവദിച്ചു വരുന്നു.

(സി) വൻ നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുന്നതിലേക്കായി തൊട്ടടുത്തുള്ള ചെറുതും ഇടത്തരവുമായ പട്ടണങ്ങളിൽ നിക്ഷേപം വർദ്ധിപ്പിച്ച് ഇവിടങ്ങളിലെ സാമ്പത്തികവും ഭൗതികവുമായ അടിസ്ഥാന സൗകര്യങ്ങളും മറ്റു സേവനങ്ങളും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(ഡി) പദ്ധതിയുടെ ആരംഭകാലത്ത് ഒരു ലക്ഷം വരെ ജനസംഖ്യയുള്ള പട്ടണങ്ങളാണ് ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുവാൻ അർഹതയുണ്ടായിരുന്നത്. 1993-96-ൽ കേന്ദ്രസർക്കാർ പുതുക്കി നിശ്ചയിച്ച മാർഗ്ഗനിർദ്ദേശം അനുസരിച്ച് 5 ലക്ഷം വരെ ജനസംഖ്യയുള്ള പട്ടണങ്ങളെ ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുന്നതാണ്. ജില്ലാ ആസ്ഥാനപട്ടണം, ഉപജില്ലാ ആസ്ഥാന പട്ടണം, മാർക്കറ്റ് ഠൗൺ, വികസനസാധ്യതയുള്ള മറ്റു പട്ടണങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെടുവാൻ മുൻഗണന നൽകുക.

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തികസഹായത്തിന് പുറമേ ഹഡ്കോ, കേരള നഗരവികസന ധനകാര്യ കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾ മുഖേനയും സഹായം ലഭ്യമാക്കുന്നുണ്ട്.

(എഫ്) ഈ പദ്ധതിയിൻകീഴിൽ 1995-96-നു മുൻപ് നിലവിലുണ്ടായിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് താഴെപ്പറയുന്ന പട്ടണങ്ങളിലാണ് ഈ വികസന പദ്ധതി നടപ്പിലാക്കി വരുന്നത്.

(1)ഗുരുവായൂർ	(2)കോട്ടയം	(3)തൃശ്ശൂർ
(4)തിരൂർ	(5)ചങ്ങനാശ്ശേരി	(6)തലശ്ശേരി
(7)കായങ്കുളം	(8)വടകര	(9)മലപ്പുറം
(10)തൊടുപുഴ	(11)മഞ്ചേരി	(12)പാലക്കാട്
(13)കണ്ണൂർ	(14)പുനലൂർ	(15)നെയ്യാറ്റിൻകര
(16)കല്പറ്റ	(17)മൂവാറ്റുപുഴ	(18)കാസർഗോഡ്
(19)ചാവക്കാട്	(20)പത്തനംതിട്ട്	(21)ചേർത്തല
(22)ആലുവ	(23)ചാലക്കുടി	(24)കൊല്ലം
(25)തിരുവല്ല	(26)ആലപ്പുഴ	

1995-96 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് താഴെ പറയുന്ന പട്ടണങ്ങളെ ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(1) കോഴിക്കോട്
(2) ചെങ്ങന്നൂർ
(3) വർക്കല
(4) നെടുമങ്ങാട്
(5) ഒറ്റപ്പാലം

LIBRARY ARCHIVES Kerala Legislative Assembly

(6) കോതമംഗലം

(ജി) ഈ പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാർ പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുമെന്ന് അറിയിച്ചിരിക്കുകയാണ്. ആയതു ലഭ്യമായ ശേഷം ഇതു സംബന്ധിച്ച് തീരുമാനമെടുക്കും.

ലക്ഷംവീട് കോളനികൾ

7 (*477)ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലക്ഷംവീടുകളുകളെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ലക്ഷംവീട് പദ്ധതിപ്രകാരം എത്ര വീടുകൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ലക്ഷം വീട് കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) ലക്ഷംവീട് ഇരിക്കുന്ന സ്ഥലത്തിന് കൈവശരേഖ നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ലക്ഷംവീടുകളുടെ പുനരുദ്ധാരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായാ സമഗ്രമായ പദ്ധതിക്ക് രൂപം നൽകുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) സർക്കാർ തലത്തിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല.

(ബി) ബാധകമല്ല.

(സി) 56,677 വീടുകൾ

(ഡി) ലക്ഷംവീടുകളിൽ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭിക്കുന്ന പ്ളാൻ ഫണ്ട് ഉപയോഗിച്ച് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്.

(ഇ) ലക്ഷംവീട് ഇരിക്കുന്ന സ്ഥലത്ത് ആദ്യം അനുവദിക്കപ്പെട്ട ആൾക്ക് കൈവശരേഖ പഞ്ചായത്തുകൾ നൽകിയിട്ടുണ്ട്.

(എഫ്) ജനകീയാസൂത്രണ പ്രോജക്ടുകൾ മുഖേനയും മറ്റും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

വൻകിട വ്യവസായ സ്ഥാപനങ്ങൾ

8 (*478) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എളമരം കരീം :

LIBRARY ARCHIVES Kerala Legislative Assembly